പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3216 21.08.2017-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി യിലെ ജോലി സമയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിലെ ബസ് ജീവനക്കാരുടെ ജോലി സമയം പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ; | (എ) | കെ.എസ്.ആർ.ടി.സി.യിലെ ബസ് ജീവനക്കാരുടെ ജോലി സമയം പുന:ക്രമീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടിയാണ് ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. സാമ്പത്തികമായി വളരെ വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.യിൽ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായാണ് ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കോർപ്പറേഷന്റെ സമഗ്ര പുനരുദ്ധാരണ നടപടികളുടെ ഭാഗമായി വിവിധ വിഭാഗം ജീവനക്കാരുടെ ജോലിസമയം പുനഃക്രമീകരണത്തിന് വിധേയമാക്കിയിട്ടുണ്ട്. ജനറൽ കൺട്രോളിംഗ് ഇൻസ്പെക്ടർ, ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ എന്നിവരുടെ ഡ്യൂട്ടിസമയം 05:00 മണി മുതൽ 15:00 മണി വരെയായി പുനഃക്രമീകരിച്ചിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷന് തടസം നേരിടാത്ത രീതിയിൽ ഈ വിഭാഗം ജീവനക്കാർക്ക് രണ്ടു മണിക്കൂർ വിശ്രമവും അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഏതെങ്കിലും പഠനങ്ങളുടെയോ കമ്മീഷൻ /കമ്മിറ്റി റിപ്പോർട്ടുകളുടെയോ അടിസ്ഥാനത്തിലാണോ ഈ മാറ്റങ്ങൾ എന്നറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സിയുടെ നിലനിൽപ്പിന് തന്നെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിലേക്കുള്ള സമഗ്ര പുനരുദ്ധാരണ നടപടികളുടെ ഭാഗമായാണ് ജീവനക്കാരുടെ ജോലി സമയം പുനഃക്രമീകരിക്കുകയുണ്ടായത്. |
| (സി) | ഇതുമൂലം കെ.എസ്.ആർ.ടി.സി. ക്കുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | കോർപ്പറേഷനിൽ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുകയും സർവ്വീസ് നടത്തിപ്പിലെ അപാകതകൾ പരിഹരിച്ച് കോർപ്പറേഷനെ അന്തസ്സുറ്റ ഒരു സ്ഥാപനമായി ഉയർത്തുക എന്നതാണ് പുനരുദ്ധാരണത്തിന്റെ ലക്ഷ്യം. |
| (ഡി) | കെ.എസ്.ആർ.ടി.സിയിലെ ഓഫീസ് ജീവനക്കാരുടെ പ്രവൃത്തി സമയത്തിൽ വരുത്തിയ/ വരുത്തുന്ന മാറ്റങ്ങൾ വിശദമാക്കാമോ? | (ഡി) | ആഫീസർമാരുടെയും, മിനിസ്റ്റീരിയൽ ജീവനക്കാരുടെയും പ്രവൃത്തിസമയം രാവിലെ 10 മണി മുതൽ 5 മണിവരെ ആയിരുന്നത് രാവിലെ 09:30 മണി മുതൽ വൈകുന്നേരം 05:30 മണി വരെയായി പുനഃക്രമീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**